(എഫ്) പെരുങ്കടവിള ബ്ലോക്കിൽ ഒരു സ്ഥിരം വാഹനമുണ്ട്. ഇപ്പോൾ അതിന്റെ റിപ്പയർ നടക്കുകയാണ്. റിപ്പയർ തീരുന്നതുവരെ കളക്ഷനറേറിലെ ടെംപോവാൻ ആ ബ്ലോക്കിലെ ഉപയോഗത്തിനു നൽകിയിട്ടുണ്ട്.

വികസന ബ്ലോക്കുകളിലെ ഫീഡിംഗ് സെൻററുകൾ

317. [497] ശ്രീമതി മാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കേരളത്തിലെ വികസന ബ്ലോക്കുകളിലെല്ലാം കൂടി എത്ര ഫീഡിംഗ് ഡെൻററുകൾ ഉണ്ട് ; അവയിൽ ഹരിജൻ കോളനികളിൽ സ്ഥിതി ചെയ്യുന്നവ എത്ര ;

(ബി) ഫീഡിംഗ് കൺവീനർമാർക്ക് എത്ര രൂപ വീതം ആണ് അലവൻസ് നൽകി വരുന്നത് ;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എന്തു തുക ചെലവായിട്ടുണ്ട് ;

(ഡി) കൺവീനർമാരുടെ അലവൻസ് കൃത്യമായി വിതരണം ചെയ്യുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൺവീനർമാരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കേരളത്തിലെ വികസന ബ്ലോക്കുകളിലെല്ലാം കൂടി 4011 ഫീഡിംഗ് സെൻററുകൾ ഉണ്ട്. അതിൽ 95 എണ്ണം ഹരിജൻ കോളനികളിലാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഫീഡിംഗ് കൺവീനർമാർക്ക് പ്രതിമാസം 40 രൂപ അലവൻസായി നൽകി വരുന്നുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൺവീനർമാർക്കുള്ള അലവൻസും ഹാൻഡ്ലിംഗ് ചാർജും ഇനത്തിൽ 45.7 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II. ശ്രദ്ധ ക്ഷണിക്കൽ

(1) കള്ളുഷാപ്പുകൾ കോൺട്രാക്ട് എടുക്കുവാൻ തയ്യാറാകാത്തതുമൂലം ചെത്തുതൊഴിലാളികളും ഷാപ്പു ജീവനക്കാരും നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഈ മാർച്ച് 20-ാം തീയതി 1986-87-ലേക്കുള്ള സംസ്ഥാനത്തെ അബ്കാരി ഓക്ഷൻ അവസാനിച്ചിരിക്കുകയാണ്. അബ്കാരി ഷോപ്പുകളുടെ ലേലനടപടികൾ 20-ാം തീയതി അവസാനിച്ചു. എന്നാൽ ഈ ലേലനടപടികൾ അവസാനിച്ചശേഷവും ഏതാണ്ട് ഇരുനൂറിലധികം കള്ളുഷാപ്പു

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly